ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പു മന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഉണ്ട്.

(ബി) കോർപ്പറേഷന്റെ വിജിലൻസ് വിഭാഗവും സർക്കാർ തലത്തിൽ സ്റ്റേറ്റ് വിജിലൻസും, ധനകാര്യ വകുപ്പിലെ ഇൻസ്പെക്ഷൻ വിഭാഗവും അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) കോർപ്പറേഷന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയതിൽ കുറ്റക്കാരെന്ന് തെളിഞ്ഞ രണ്ട് അഡീഷണൽ ജനറൽ മാനേജർമാരെ സസ്പെൻഡ് ചെയ്യുകയും രണ്ട് ക്വാളിറ്റി കൺട്രോളർമാരെ സർവീസിൽ നിന്ന് പിരിച്ചു വിടുകയും ചെയ്തിട്ടുണ്ട്. 2001 സെപ്റ്റംബർ 2004 കാലയളവിൽ അനധികൃതമായി കോർപ്പറേഷന് നഷ്ടമുണ്ടാക്കിയ സപ്ലയർമാരിൽ നിന്ന് നഷ്ടം ഈടാക്കുന്നതിന്റെ ഭാഗമായി വിജിലൻസ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം 96.7 കോടി രൂപയുടെ നഷ്ടം ഈടാക്കുവാനായി റവന്യൂ റിക്കവറിക്ക് വേണ്ടിയുള്ള ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ട്. സ്റ്റേറ്റ് വിജിലൻസിന്റേയും ധനകാര്യ വകുപ്പിലെ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെയും അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഡി) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം സുതാര്യമാക്കുന്നതിനുവേണ്ടി ഇ-ഗവേർണൻസ് പരിപാടികൾ കോർപ്പറേഷന്റെ പർച്ചേസിലും ഓഡിറ്റിലും ഡിപ്പോകളിലും നടപ്പാക്കി. ഇപ്രകാരം 2005 ഫെബ്രുവരി മുതൽ പലവ്യഞ്ജനങ്ങൾ വാങ്ങുന്നത് ഇ-ടെണ്ടർ മുഖേനയാണ്. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 56 ഡിപ്പോകൾ കമ്പ്യൂട്ടർ വൽക്കരിക്കുകയും ഓരോ ഡിപ്പോയുടെയും സ്റ്റോക്ക് വിവരം കൃത്യമായി മനസ്സിലാക്കി സാധനങ്ങൾ സ്റ്റോക്ക് കൂടുതൽ ഉള്ള സ്ഥലത്തു നിന്നും സ്റ്റോക്ക് കുറഞ്ഞ സ്ഥലത്തേക്ക് മാറ്റി എല്ലാവർക്കും ആവശ്യമായ സാധനങ്ങൾ എല്ലായ്പ്പോഴും ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കാർഷികോൽപ്പന്നങ്ങൾ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കാൻ നടപടി

11 [*166] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :

,, കെ. അച്ചുതൻ :

,, കെ. സി. ജോസഫ് :

,, എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരിൽ നിന്ന് കാർഷികോൽപ്പന്നങ്ങൾ വാങ്ങി അവ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം ചെയ്യുവാൻ സപ്ലൈകോ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം സാധനങ്ങളാണ് ഈ വിധത്തിൽ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി വിൽക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) സപ്ലൈകോ സംഭരിക്കുന്ന നെല്ലിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിപണനം ചെയ്യുവാൻ ഉദ്ദേശമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി & സി) തൽക്കാലം കുരുമുളക്, നേന്ത്രക്കായ, കാപ്പി എന്നിവയുടെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാണ് വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്നത്.

വിദേശ സർവ്വകലാശാലകൾക്ക് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതിന് അനുമതി

12 [*167] ശ്രീ. കെ. പി. രാജേന്ദ്രൻ :

,, പി. നാരായണൻ :

,, എൻ. രാജൻ :

,, എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ സർവ്വകലാശാലകൾക്ക് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) സംസ്ഥാന സർവ്വകലാശാലകളും വിദേശ സർവ്വകലാശാലകളും യോജിച്ച് കോഴ്സുകൾ നടത്തുന്നതിനും പരീക്ഷകൾ നടത്തുന്നതിനും ഡിഗ്രികൾ നൽകുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഏതൊക്കെ വിദേശ സർവ്വകലാശാലകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതിന് താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) വിദേശ സർവ്വകലാശാലകളുടെ പ്രവർത്തനം കൊണ്ട് സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിൽ എന്തൊക്കെ മാറ്റങ്ങളുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഇ) ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(എഫ്) കൊച്ചിയിൽ നടന്ന ആഗോള വിദ്യാഭ്യാസ സമ്മേളനത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ ഈ അടിസ്ഥാനത്തിലുള്ളതാണോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഇല്ല. കേന്ദ്ര സർക്കാരാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്.

(ബി—ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇല്ല.

(എഫ്) അല്ല.

LIBRARY ARCHIVES Kerala Legislative Assembly